ഡ്യൂട്ടിയിലേർപ്പെട്ടിരുന്ന അഡീഷണൽ എസ്. ഐ. ഫയാസിന്റെ കൈയിൽ കടന്നുപിടിച്ച് ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ഷർട്ടിൽപ്പിടിച്ച് തള്ളുകയും പാറാവുകാരനെയും മറ്റും ആക്രമിക്കാൻ ശ്രമിക്കുകയും പോലീസ് സ്റ്റേഷന് മുൻവശം വച്ചിരുന്ന ചെടിച്ചട്ടി തറയിലെറിഞ്ഞ് തകർക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഷാജിയെ കസ്റ്റഡിയിലെടുത്തു. പ്രതിയുടെ പേരിൽ, പോലീസ് ഉദ്യോഗസ്ഥന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമുണ്ടാക്കിയതിനുംമുതലുകൾ നശിപ്പിച്ചതിനും അസഭ്യവാക്കുകൾ പറഞ്ഞതിനും ഒരു കേസ് രജിസ്റ്റർ ചെയ്തു. ഷാജിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു. ഇത് സംബന്ധിച്ച് മർദ്ദനമേറ്റതായ പരാതിയൊന്നും ലഭിച്ചിട്ടില്ല. സ്റ്റേഷനിൽ കയറി ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്താൻ എക്സ് മിലിറ്ററിക്കാരനായാലും അവകാശമില്ല. കാർഗിൽ യുദ്ധത്തിൽ പങ്കെടുത്തയാളായാലും പോലീസ് സ്റ്റേഷനിൽ വന്ന് അക്രമമുണ്ടാക്കാൻ ഒരാളെയും സമ്മതിക്കില്ല. അതുകൊണ്ടാണ് അതിന്റെ പേരിൽ നടപടിയെടുത്തിട്ടുള്ളത്.

(26) നിയമസഭാ മാർച്ചിനുനേരെയുണ്ടായ പോലീസ് അതിക്രമം

ശ്രീ. കെ. ശിവദാസൻ നായർ: സർ, 2010 ജൂലൈ മാസം 26-ാം തീയതി മൂന്ന് ശതമാനം തൊഴിൽ സംവരണം ആവശ്യപ്പെട്ടുകൊണ്ട് ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് പ്രവർത്തകർ നടത്തിയ നിയമസഭാ മാർച്ചിനുനേരെ ഉണ്ടായ പോലീസ് അതിക്രമത്തെക്കുറിച്ചാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുവാനുള്ളത്. അന്ധത ബാധിച്ച ഒരു ഭരണകൂടത്തിന്റെ അന്ധവും ക്രൂരവുമായ മർദ്ദനത്തിന് ഈ നിരാലംബരായ അന്ധന്മാർ ഇരയായി എന്നത് ദയനീയമായ ഒരു കാര്യമാണ്. കേരളത്തിലെ കാഴ്ച വൈകല്യമുള്ള ഉദ്യോഗാർത്ഥി സമൂഹത്തിന്റെ പ്രശ്നം ശ്രീ. പി. വിശ്വനും ശ്രീ. പി. സി. വിഷ്ണുനാഥും നേരത്തെ സഭയിൽ ഉന്നയിച്ചതാണ്. അന്ന് ശ്രീമതി പി. കെ. ശ്രീമതി ടീച്ചറിന്റെ അഭാവത്തിൽ വ്യവസായ വകുപ്പുമന്ത്രിയാണ് മറുപടി പറഞ്ഞത്. അന്ന് ചർച്ചയ്ക്ക് വിളിക്കാമെന്ന് പറഞ്ഞു. ഇതുവരെയും ചർച്ചയ്ക്ക് വിളിച്ചിട്ടില്ല. അവരെ ഒരു ചർച്ചക്ക് വിളിച്ച് ഇതിന് ഒരു പരിഹാരം ഉണ്ടാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ചർച്ചയ്ക്ക് വിളിക്കണമെന്നുള്ളതല്ലേ ആവശ്യം ?

ശ്രീ. കെ. ശിവദാസൻ നായർ: അല്ല. ചർച്ചയ്ക്ക് വിളിക്കണമെന്നുള്ളത് മാത്രമല്ല എന്റെ ആവശ്യം. നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി അവർ സെക്രട്ടേറിയറ്റ് നടയിൽ സമരം നടത്തുകയാണ്. നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കാതിരുന്നപ്പോൾ അവർ നിയമസഭാ മാർച്ച് നടത്തി. ആ മാർച്ചിനുനേരെയാണ് പോലീസ് അതിക്രമങ്ങളുണ്ടായത്. ഇത് അത്യന്തം ക്രൂരമായ ഒരു നടപടിയാണ് ഇക്കാര്യത്തെ സംബന്ധിച്ച് അന്വേഷിച്ച് നടപടി എടുക്കണം. ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റിന്റെ നേതാക്കന്മാരെ ചർച്ചയ്ക്കുവിളിച്ച് ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഒക്ടോബർ 26-ാം തീയതി ബ്ലൈന്റ് ഫെഡറേഷന്റെ പ്രവർത്തകർ നിയമസഭയിലേയ്ക്ക് ഒരു മാർച്ച് നടത്തിയിരുന്നു. പോലീസ് ബാരിക്കേഡ് ഉപയോഗിച്ച് മാർച്ച് തടഞ്ഞു. പ്രവർത്തകർ കുത്തിയിരുന്ന് ഗതാഗത തടസ്സം സൃഷ്ടിച്ചു. ബാരിക്കേഡ് മറിച്ചിട്ടതിനെത്തുടർന്ന് മുപ്പത്തിയഞ്ചോളം പ്രവർത്തകരെ അറസ്റ്റുചെയ്ത് നീക്കംചെയ്തു. അവിടെ നിന്ന് അറസ്റ്റ് ചെയ്ത് വാഹനത്തിൽ കയറ്റവേ അനസ് എന്ന പ്രവർത്തകൻ വാഹനത്തിൽ നിന്നും പുറത്തേയ്ക്ക് ചാടി. ഇതിന്റെ ഫലമായി അദ്ദേഹത്തിന് ശാരീരികാസ്ഥ്യമുണ്ടായി എന്ന് പറഞ്ഞു കൊണ്ട് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുമുണ്ട്. അറസ്റ്റ് ചെയ്ത എല്ലാ ആളുകളേയും ജാമ്യത്തിൽ വിട്ടയയ്ക്കുകയാണ് ചെയ്തത്. പ്രത്യേക അവശതയനുഭവിക്കുന്ന വിഭാഗമായതുകൊണ്ട് റിമാന്റ് ചെയ്യാതെ ഒരു നിലപാട് സ്വീകരിച്ചുകൊണ്ടാണ് അവരെ ജാമ്യത്തിൽ വിട്ടിട്ടുള്ളത്. നിയമസഭയിലേക്ക് മാർച്ച് നടത്തിയ സമയം പ്രവർത്തകരെ നിയമാനുസരണം നീക്കം ചെയ്യുകയല്ലാതെ ബലപ്രയോഗമൊന്നും നടത്തിയിട്ടില്ലെന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാൻ നിർദ്ദേശം കൊടുക്കാം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, ബഹുമാനപ്പെട്ട ശ്രീ. പി. വിശ്വൻ എം. എൽ. എ. ഇന്നലെ മുഖ്യമന്ത്രിയെ കാണുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ പ്രശ്നത്തിൽ ഇടപെട്ട് അവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആ ആനുകൂല്യങ്ങൾ കൊടുക്കാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. .....(ബഹളം).....പറയട്ടേ..... ഞാൻ പറയട്ടേ.... വർഷങ്ങളായി കേരളത്തിലെ ശാരീരികമായി വൈകല്യമുള്ളവർക്കും കാഴ്ച വൈകല്യമുള്ള വർക്കുമെല്ലാം കൃത്യമായിട്ട് അവരുടെ വിഹിതം കിട്ടിയിരുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഇൻഡ്യയിൽ ആദ്യമായി ഇവരുടെ നിയമനങ്ങൾ പി. എസ്. സി.ക്ക് വിട്ടു. വേറെ ഏതെങ്കിലും സ്റ്റേറ്റ് ഉണ്ടെങ്കിൽ പറഞ്ഞോളൂ.....(ബഹളം)....ഉണ്ട് ഞാൻ പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ....പറയട്ടേ....പ്ലീസ്....പറയട്ടേ.....പ്ലീസ്.....

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: 2004 മുതൽക്കുള്ള ബാക്ക്ലോഗ് നികത്താനാവശ്യമായിട്ടുള്ള ഗവൺമെന്റ് തീരുമാനം അനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊടുത്തുകൊണ്ട് നിയമന നടപടികൾ പി.എസ്.സി. തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. 2008-2009 കാലത്ത് മാത്രം ബ്ലൈന്റായിട്ടുള്ള 75 പേർക്ക് പി.എസ്.സി. യിലൂടെ നിയമനം നടത്തി. അതിൽ 62 പേർ. ലാസ്റ്റ് ഗ്രേഡാണ്. മാത്സ് ടീച്ചേഴ്സുണ്ട്, കോളേജിലെ ടീച്ചറുണ്ട്, എൽ.ഡി.സി. യുണ്ട്. സഹകരണ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുൾപ്പെടെ നിയമനം കിട്ടത്തക്കവിധത്തിൽ അവർക്ക് അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ചിരിക്കുന്നു. പക്ഷേ അവരുടെ ഒരു പ്രധാനപ്പെട്ട ആവശ്യം, ആകെ നടക്കുന്ന നിയമനത്തിൽ-കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാർ ഉൾപ്പെടെയുള്ളതിന്റെ കണക്കെടുത്തുകൊണ്ട് അതിന്റെ മൂന്ന് ശതമാനത്തിൽ ഒരു ശതമാനം ഇവർക്കുകൂടി കൊടുക്കണമെന്നുള്ളതാണ് അവരുടെ പ്രധാനപ്പെട്ട ആവശ്യം. പക്ഷേ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലൊന്നും അങ്ങനെയല്ല. ചില മേഖലകളിൽ അവർക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല. അപ്പോൾ അവരുടെ പ്രത്യേക കാറ്റഗറി എടുത്ത് അത് കൂടുതലാക്കി, 245 തസ്തിക ഇപ്പോൾ കൂടുതലായി എടുത്തിട്ടുണ്ട്. അതുകൊണ്ട് ഇവർക്ക് കൃത്യമായി ആരുടേയും ഔദാര്യമില്ലാതെ കേന്ദ്ര നിയമമനുസരിച്ച് 1:1:1 എന്ന തോതിൽ പി. എസ്. സി. മുഖേന നിയമനം നടത്തിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ അവർ പറയുന്നത് ന്യായമാണോ അല്ലയോ എന്നൊക്കെ പരിശോധിക്കാം. നമുക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അവരുമായി ചർച്ച നടന്നുകഴിഞ്ഞ സാഹചര്യത്തിൽ അവർക്ക് സമരം പിൻവലിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്.....അത് പരിശോധിക്കാം

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അവർ സമരം തുടങ്ങിയിട്ട് കുറെ ദിവസങ്ങളായി. ബന്ധപ്പെട്ട വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അവരെ വിളിച്ച് ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾ കേട്ടശേഷം ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാനും ചെയ്യാൻ പറ്റാത്തത് എന്തുകൊണ്ടാണ് പറ്റാത്തത് എന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്ത് അവരുടെ സമരം ഒന്ന് അവസാനിപ്പിക്കാൻ മുൻകൈ എടുക്കണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അവർ ഇന്നലെ തന്നെ ഞാനുമായി സംസാരിച്ചിട്ടുണ്ട്, ഞാൻ ഈ കാര്യം പറഞ്ഞു, ചില മേഖലകളിലേക്ക് അവർക്ക് സേവനം നൽകാൻ പറ്റില്ല എന്ന് പറഞ്ഞു. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഇന്നലെയാണ് അവർ കണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സമരം അവസാനിപ്പിക്കാവുന്നതേയുള്ളു. ഇനിയും വിളിക്കണമെങ്കിൽ തീർച്ചയായിട്ടും വിളിച്ച് ചർച്ച നടത്താം.

ശ്രീ. ഉമ്മൻ ചാണ്ടി: ഇന്ന് തന്നെ അവരെ വിളിച്ച് ഉദ്യോഗസ്ഥരുമൊരുമിച്ചിരുന്ന് ചർച്ച ചെയ്ത് ഈ സമരം അവസാനിപ്പിക്കാൻ അഭ്യർത്ഥിക്കണം. അവർക്ക് ചെയ്ത് കൊടുക്കാവുന്ന കാര്യങ്ങൾ ചെയ്ത് കൊടുക്കുകയും വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....അവരെ വിളിക്കാം.....

(27) കലാ-സാംസ്ക്കാരിക സർവ്വകലാശാല

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു കലാ സാംസ്ക്കാരിക സർവ്വകലാശാല ആരംഭിക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ. കേരളത്തിൽ, നമ്മുടെ മലയാളക്കരയിലുള്ള കലകൾ, സാഹിത്യം, സംസ്ക്കാരം എന്നിവ സുന്ദരവും ശ്രദ്ധേയവുമാണ്. ലോക വ്യാപകമായി അംഗീകാരമുള്ള ആയിരക്കണക്കായ കലകൾ, നമ്മുടെ സംസ്ഥാനത്തുണ്ട്. പ്രൗഢോജ്ജ്വലമായിട്ടുള്ള നമ്മുടെ തനത് കലകൾ പ്രോജ്ജ്വലിപ്പിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly